**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.495**

**29-10-2019 - ലെ മറുപടിക്ക്**

**ചീനിബസാർ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം**

| ചോദ്യം<br>**ശ്രീ. ടി.വി. ഇബ്രാഹിം** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിൽ നിന്നും 2018-19-ൽ നിർദ്ദേശിച്ച വാഴക്കാട് പഞ്ചായത്തിലെ ചീനിബസാർ മാതൃകാ അംഗൻവാടി കെട്ടിടം (പ്രൊജക്ട്ഐ.ഡി.6941) നിർമ്മാണ പ്രവൃത്തിക്ക് നാളിതുവരെയായി ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രൊപ്പോസൽ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഈ പ്രവൃത്തിക്ക് ഭരണാനുമതി നല്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | സ.ഉ (സാധാ)നം.651/2017/സാ.നീ.വ തിയ്യതി, 07.10.2017 സർക്കാർ ഉത്തരവ് പ്രകാരം വാഴക്കാട് പഞ്ചായത്തിലെ ചീനിബസാർ മാതൃകാ അംഗൻവാടി കെട്ടിടം പ്രവൃത്തിക്ക് വകുപ്പ് ഫണ്ട് 17 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ അടങ്കൽ തുകയായി വകയിരുത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തി 10 ലക്ഷം രൂപയ്ക്ക് നടപ്പിലാക്കുന്നതിന് ബഹു.കൊണ്ടോട്ടി എം.എൽ.എ 01.10.2018 ന് ശിപാർശ ചെയ്തതിൻ പ്രകാരം ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സാമൂഹിക നീതി വകുപ്പിന്റെ 17 ലക്ഷം രൂപയും, നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലെ 10 ലക്ഷം രൂപയും ചേർത്ത് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 07.10.2017 ലെ സ.ഉ (സാധാ)നം.651/2017/സാ.നീ.വ ഉത്തരവ് പ്രകാരം അടങ്കൽ തുക 23.75 ലക്ഷം രൂപ ആയതിനാൽ പുതുക്കിയ സർക്കാർ അനുമതി ആവശ്യമുണ്ട്. ആയതിനായി പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശസ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 28.02.2019 ന് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാൻ ഇനി എത്ര ദിവസം കൂടി ആവശ്യമുണ്ട് എന്ന കാര്യം അറിയിക്കാമോ? | ഡി.പി.ആർ അനുബന്ധ രേഖകൾ, പുതുക്കിയ സർക്കാർ ഉത്തരവ് എന്നിവ ലഭിക്കുകയും,സാമൂഹ്യ നീതി വകുപ്പിന്റെ ഫണ്ട് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുമായി ചേർത്ത് വിനിയോഗിക്കാൻ പ്രത്യേകാനുമതി ലഭിക്കുകയും ചെയ്യുന്ന മുറക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**